**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4730** — **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളതീരത്ത് മത്സ്യലഭ്യത കുറയുന്നതിനെ സംബന്ധിച്ച് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | കേരള തീരത്ത് മത്സ്യ ലഭ്യത കുറയുന്നതിനെക്കുറിച്ച് ഫിഷറീസ് വകുപ്പ് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന തിനായി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഫലമെന്നോണം കടൽ മത്സ്യോല്പാദനം 2021-22 ൽ 6.01 ലക്ഷം മെട്രിക് ടണ്ണും, 2022-23 ൽ 6.9 ലക്ഷം മെട്രിക് ടണ്ണും ആയി വർദ്ധിച്ചു. 2023-24 വർഷത്തിൽ കടൽ മത്സ്യോല്പാദനം 5.81 ലക്ഷം മെട്രിക് ടൺ ആയി കുറഞ്ഞു എങ്കിലും ദേശീയതലത്തിൽ കടൽ മത്സ്യോല്പാദനത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്. കാലാവസ്ഥ വ്യതിയാനവും അത്യുഷ്ണവും ആണ് 2023-24 മത്സ്യോല്പാപദനത്തിലെ കുറവിന് കാരണമാകുന്നത് എന്ന് മനസിലാക്കുന്നു. |
| (ബി) | കാലവർഷം ശക്തിപ്പെട്ടതോടെ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | അതിതീവ്ര ചുഴലിക്കാറ്റുപോലുള്ള കാലാവസ്ഥ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നഷ്ടപ്പെടുകയാണെങ്കിൽ പ്രസ്തുത കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്.<br><br>അതുപോലെ ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നുണ്ട്. പഞ്ഞ മാസക്കാലമായ ട്രോൾ ബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും 4500/- രൂപ ധനസഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. പദ്ധതി പ്രകാരം മേയ് മാസം നൽകേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ വിതരണം ചെയ്തു വരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി /അനുബന്ധ തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ പദ്ധതി. ഫിഷറീസ്, തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും 1,350/- രൂപ നിരക്കിൽ പ്രതിവർഷം പഞ്ഞ മാസക്കാലത്ത് ധനസഹായം നൽകാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ